## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018 - 19 സാമ്പത്തിക വർഷത്തിൽ "2217-80-001-91(10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ അലോട്ട്മെന്റിനത്തിൽ അനുവദിച്ച 50 കോടി രൂപയിൽ, ബാക്കിയുള്ള 28,86,40,827/- രൂപ (ഇരുപത്തിയട്ടു കോടി എൺപത്തിയാറു ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപാ മാത്രം) അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 727/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 27/03/2019

പരാമർശം : 1) 23/08/2018 തീയതിയിലെ സ.ഉ.(പി) നം. 51/2018/ധന.
2) 03/09/2018 തീയതിയിലെ സ.ഉ.(സാധാ) നം.2352/2018/തസ്വഭവ.
3) 17/12/2018 തീയതിയിലെ ഇയു3/129/2018/തസ്വഭവ നമ്പർ സർക്കാർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 11/10/2018, 02/02/2019, 01/03/2019 തീയതികളിലെ പി6/18226/2016 നമ്പർ കത്തുകൾ.

### ഉത്തരവ്

മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് 2018-19 സാമ്പത്തിക വർഷത്തിൽ എസ്‌ഡ്ജി ഫസ്റ്റ് ബാച്ച് ആയി അനുവദിച്ച 50 കോടി രൂപയിൽ നിന്നും ടി.പി.എ 701010200000064 അക്കൗണ്ടിൽ നിന്നും പരാമർശം ഒന്ന് പ്രകാരം സർക്കാർ പിൻവലിച്ച 21,13,59,173/- രൂപ (ഇരുപത്തിയൊന്നു കോടി പതിമൂന്നു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഒരുന്നൂറ്റി എഴുപത്തിമൂന്നു രൂപാ മാത്രം), പരാമർശം രണ്ട് പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. ഈ 50 കോടി രൂപയിൽ ബാക്കി തുകയായ 28,86,40,827/- രൂപ (ഇരുപത്തിയെട്ടു കോടി എൺപത്തിയാറു ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപാ മാത്രം) ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് എസ്‌ഡ്ജി ഫസ്റ്റ് ബാച്ചിൽ സർക്കാർ അനുവദിച്ച 50 കോടി രൂപയിൽ അനുവദിച്ച 21,13,59,173/- രൂപ (ടി.പി.എ 701010200000064 അക്കൗണ്ടിൽ നിന്നും പരാമർശം ഒന്ന് പ്രകാരം സർക്കാർ പിൻവലിച്ച തുക) കഴിച്ച് ബാക്കി തുകയായ 28,86,40,827/- രൂപ (ഇരുപത്തിയട്ടു കോടി എൺപത്തിയാറു ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപാ മാത്രം) "2217-80-001-91 (10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND" ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) & (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡവലപ്പ്മെന്റ് വിഭാഗം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ